## എസ്ബിഐ ലൈഫ് - ശുഭ് നിവേശ് എന്തുകൊണ്ട്?

നിങ്ങൾ എന്നും മുൻഗണന നൽകിയിരുന്നത് നിങ്ങളുടെ കുടുംബത്തിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുകയും നിങ്ങളുടെ വർദ്ധിച്ചു വരുന്ന ജീവിതശൈലി ആവശ്യങ്ങൾ നിറവേറ്റുകയും നിങ്ങളുടെ പ്രിയപ്പെട്ടവരുടെ സുരക്ഷ ഉറപ്പാക്കുകയും ചെയ്യുന്നതിനാണ്. ഇപ്പോൾ തികച്ചും സഫലമായ ഒരു ഭാവി ആസ്വദിക്കൂ എസ്ബിഐ ലൈഫ് - ശുഭ് നിവേശിനൊപ്പം. ഇത് നിങ്ങൾക്കു നൽകുന്നു പരിരക്ഷയും സമ്പാദ്യവും സാമ്പത്തികമായി സുരക്ഷിതമായ ഒരു ഭാവിക്കുവേണ്ടി ഒരു നിധി സ്വരൂപിക്കുന്നതിനുള്ള അവസരവും. **എസ്ബിഐ ലൈഫ് - ശുഭ് നിവേശ്** ഹോൾ ലൈഫ് ഇൻഷുറൻസ് ഓപ്ഷനോടു കൂടിയ ഒരു ഇൻഡിവിഡ്വൽ, നോൺ-ലിങ്ക്ഡ്, പാർട്ടിസിപ്പേറ്റിംഗ് ലൈഫ് ഇൻഷൂറൻസ് സേവിംഗ്സ് പ്രൊഡക്റ്റ് ആണ്.

## മുഖ്യ സവിശേഷതകൾ

- നിങ്ങളുടെ കുടുംബത്തിനു **സുരക്ഷ**, സമ്പത്ത് സ്വരൂപിക്കൽ, പതിവ് വരുമാനം എന്നിവ നൽകുന്നു
- **ഹോൾ ലൈഫ് ഇൻഷുറൻസ്** നേടുവാനുള്ള അവസരം ലഭിക്കുന്നു, ഇത് മെച്യൂരിറ്റിക്കു ശേഷം ഇൻഷ്വർ ചെയ്യപ്പെട്ടയാളുടെ മരണത്തിൽ അധിക ബേസിക് സം അഷ്വേർഡ് പ്രദാനം ചെയ്യുന്നു
- **രണ്ട് പ്ലാൻ ഓപ്ഷനുകൾ:** നിങ്ങളുടെ ആവശ്യങ്ങൾക്കു യോജിച്ച ഒരു പ്ലാൻ ഓപ്ഷൻ തിരഞ്ഞെടുക്കുക
  - എൻഡോവ്മെന്റ് ഓപ്ഷൻ: ഇൻഷുറൻസും സേവിംഗ്സും പ്രദാനം ചെയ്യുന്നു
  - എൻഡോവ്മെന്റ് വിത് ഹോൾ ലൈഫ് ഓപ്ഷൻ: 100 വയസ്സു വരെ നിങ്ങളുടെ പരിരക്ഷ ദീർഘിപ്പിക്കുന്നു, എൻഡോവ്മെന്റ് ഓപ്ഷനു കീഴിൽ പറഞ്ഞിട്ടുള്ള ആനുകൂല്യങ്ങൾക്കു പുറമേ.
- സിംഗിൾ അല്ലെങ്കിൽ റെഗുലർ പ്രീമിയം പേയ്മെന്റ് **തിരഞ്ഞെടുക്കുന്നതിനുള്ള അവസരം**
- **സ്ഥിരമായ വരുമാനം:** മെച്യൂരിറ്റിക്കു ശേഷം 5/10/15/20 വർഷത്തേക്ക് പതിവ് ഇടവേളകളിൽ ബേസിക് സം അഷ്വേർഡ് ലഭിക്കുന്നതിനുള്ള ഓപ്ഷൻ
- കുറഞ്ഞ ചെലവിൽ **റൈഡറുകൾ വഴി അധിക പരിരക്ഷ**


## മാതൃകാ ചിത്രീകരണം

| എസ്ബിഐ ലൈഫ് - ശുഭ് നിവേശ് | | |
|---|---|---|
| അഷ്വേർഡ് വ്യക്തിയുടെ പ്രായം : 35 വയസ് | പ്രീമിയം ഫ്രീക്വൻസി - വാർഷികം | പോളിസി കാലയളവ് : 25 വർഷം |
| ബേസിക് സം അഷ്വേർഡ് :<br>₹20,00,000 | വാർഷിക പ്രീമിയം : ₹89,160<br>(ബാധകമായിട്ടുള്ള നികുതികൾ ഒഴികെ) | പ്ലാൻ ഓപ്ഷൻ :<br>എൻഡോവ്മെന്റ് വിത് ഹോൾ ലൈഫ് |

**മെച്യൂരിറ്റി ബെനിഫിറ്റ് :** 100 വയസ്സു വരെ റാം ജീവിച്ചിരിക്കുകയാണെങ്കിൽ, എൻഡോവ്മെന്റ് കാലാവധിയുടെ, അതായത് 25 വർഷത്തിന്റെ അന്ത്യത്തിൽ, അദ്ദേഹത്തിന് ചിത്രീകരണത്തിൽ പ്രസ്താവിച്ചിരിക്കുന്നതു പോലെ ബെനിഫിറ്റ് 1 മെച്യൂരിറ്റി ആനുകൂല്യമായി ലഭിക്കുകയും, 100 വയസ്സാകുമ്പോൾ അദ്ദേഹത്തിന് ബെനിഫിറ്റ് 2 പ്രകാരമുള്ള അധിക ബേസിക് സം അഷ്വേർഡ് ലഭിക്കുകയും ചെയ്യും.

**ബെനിഫിറ്റ് 1: മെച്യൂരിറ്റി ബെനിഫിറ്റ്^^ ബേസിക് സം അഷ്വേർഡ് + വെസ്റ്റഡ് സിമ്പിൾ റിവേഴ്സണറി ബോണസുകൾ + ടെർമിനൽ ബോണസ്, ഉണ്ടെങ്കിൽ, എന്നിവ ആയിരിക്കും. @4%: = ₹26,90,000 @8%: = ₹44,72,500**

**ബെനിഫിറ്റ് 2: അഡീഷണൽ ബേസിക് സം അഷ്വേർഡ് ₹20 ലക്ഷം**




### സാഹചര്യം 1

**ഡെത്ത് ബെനിഫിറ്റ് :** എ) റാം 55 വയസ്സിൽ, എൻഡോവ്മെന്റ് കാലാവധിയിൽ, മരിക്കുകയാണെങ്കിൽ, നോമിനിക്ക്/ഗുണഭോക്താവിന് ചിത്രീകരണത്തിൽ പ്രസ്താവിച്ചിരിക്കുന്നതു പോലെ സാഹചര്യം 2 പ്രകാരമുള്ള ഡെത്ത് ബെനിഫിറ്റ് ലഭിക്കുന്നതാണ്.




### സാഹചര്യം 2

**ഡെത്ത് ബെനിഫിറ്റ്** താഴെപ്പറയുന്നവയിൽ ഏതാണോ കൂടുതലുള്ളത്, അതായിരിക്കും :


എ) മരണമടയുന്ന സമയത്തെ സം അഷ്വേർഡ് + വെസ്റ്റഡ് സിമ്പിൾ റിവേഴ്സണറി ബോണസുകൾ + ടെർമിനൽ ബോണസ്, ഉണ്ടെങ്കിൽ. ഇവിടെ മരണമടയുന്ന സമയത്തെ സം അഷ്വേർഡ് ബേസിക് സം അഷ്വേർഡ് അല്ലെങ്കിൽ വാർഷിക പ്രീമിയത്തിന്റെ$ 10 മടങ്ങ് എന്നിവയിൽ ഏതാണ് കൂടുതൽ, അതായിരിക്കും.

ബി) മരണം നടന്ന തീയതി വരെ ലഭിച്ചിട്ടുള്ള@ ആകെ പ്രീമിയത്തിന്റെ 105%.

*$വാർഷിക പ്രീമിയം എന്നാൽ പോളിസി ഉടമ തിരഞ്ഞെടുത്തിട്ടുള്ളതനുസരിച്ച് ഒരു വർഷത്തിൽ അടയ്ക്കേണ്ട ആകെ പ്രീമിയമാണ്, ബാധകമായ നികുതികൾ, റൈഡർ പ്രീമിയങ്ങൾ, അണ്ടർറൈറ്റിംഗ് എക്സ്ട്രാ പ്രീമിയങ്ങൾ, മോഡൽ പ്രീമിയങ്ങൾക്കുള്ള ലോഡിംഗ്സ് മുതലായവ കൂടാതെ.*

*@ലഭിച്ചിട്ടുള്ള ആകെ പ്രീമിയങ്ങൾ എന്നാൽ ലഭിച്ചിട്ടുള്ള ആകെ പ്രീമിയങ്ങളിൽ നിന്നും ഏതെങ്കിലും അധിക പ്രീമിയവും ഏതെങ്കിലും റൈഡർ പ്രീമിയവും നികുതികളും ഒഴിച്ചുള്ള തുകയാണ്.*

ബി) റാം 80-ാം വയസ്സിൽ, അതായത് എൻഡോവ്മെന്റ് കാലാവധിക്കു ശേഷം മരിക്കുകയാണെങ്കിൽ, റാമിന് ബെനിഫിറ്റ് 1 പ്രകാരം ലഭിച്ച മെച്യൂരിറ്റി ബെനിഫിറ്റിനു പുറമേ അദ്ദേഹത്തിന്റെ നോമിനിക്ക്/ഗുണഭോക്താവിന് ചിത്രീകരണത്തിൽ പ്രസ്താവിച്ചിരിക്കുന്നതു പോലെ സാഹചര്യം 3 പ്രകാരമുള്ള ഡെത്ത് ബെനിഫിറ്റും ലഭിക്കുന്നതാണ്.




^^മെച്യൂരിറ്റി ആനുകൂല്യ സംഖ്യകൾ വിശദീകരണ ഉദ്ദേശ്യത്തിനു വേണ്ടിയുള്ളതും ആരോഗ്യമുള്ള ഒരു വ്യക്തിക്കുള്ളതുമാണ്. മുകളിൽ കൊടുത്തിരിക്കുന്ന അനുമാനിത ആദായ നിരക്കുകളായ @4%, @8% പ്ര.വ. ബാധകമായ എല്ലാ ചാർജ്ജുകളും പരിഗണിച്ചതിനു ശേഷമുള്ള വിശദീകരണ സാഹചര്യങ്ങൾ മാത്രമാണെന്ന കാര്യം ദയവായി ശ്രദ്ധിക്കുക. ബോണസ് സമ്പാദ്യ കാലയളവിൽ ബോണസ് നിരക്കുകൾ സ്ഥിരമായി അനുമാനിക്കപ്പെടുന്നു, കമ്പനിയുടെ നിക്ഷേപ അനുഭവത്തെ ആശ്രയിച്ച് യഥാർത്ഥ ബോണസിൽ വ്യത്യാസം വരാം. ഇവയ്ക്കു ഉറപ്പൊന്നുമില്ല കൂടാതെ അവ ആദായത്തിൽ ഉയർന്നതോ താഴ്ന്നതോ എന്ന പരിമിതികളുമല്ല. ഭാവിയിലെ നിക്ഷേപ പ്രവർത്തനശേഷി ഉൾപ്പെടെ അസംഖ്യം കാര്യങ്ങളെ ആശ്രയിച്ചിരിക്കും ലഭിക്കുന്ന ആദായങ്ങൾ. കൂടുതൽ വിവരങ്ങൾക്ക് ദയവായി നിങ്ങളുടെ പോളിസിക്കു വേണ്ടിയുള്ള പ്രത്യേക ആനുകൂല്യ വിശദീകരണം അഭ്യർത്ഥിക്കുക.

## എസ്ബിഐ ലൈഫ് - ശുഭ് നിവേശ് ഒറ്റ നോട്ടത്തിൽ

| | | |
|---|---|---|
| **പ്രവേശന സമയത്ത് പ്രായം**** | **കുറഞ്ഞത് :** 18 വയസ് | **പരമാവധി : എൻഡോവ്മെന്റ് ഐച്ഛികം**<br>റെഗുലർ പ്രീമിയം (ആർപി) : 55 വർഷം<br>സിങ്കിൾ പ്രീമിയം (എസ്പി) : 60 വർഷം<br>**ആജീവനാന്ത ഐച്ഛികമുള്ള എൻഡോവ്മെന്റ്** : 50 വർഷം<br>(സിംഗിൾ/റെഗുലർ പ്രീമിയങ്ങൾക്ക്) |
| **മെച്യൂരിറ്റിയിലെ പരമാവധി പ്രായം**** | 65 വയസ് | |
| **ബേസിക് അഷ്വേർഡ് തുക (₹1,000ന്റെ ഗുണിതത്തിൽ)** | **കുറഞ്ഞത് :** ₹ 75,000 | **പരമാവധി :** പരിധിയില്ല, ബോർഡ് അംഗീകരിച്ചിട്ടുള്ള അണ്ടർറൈറ്റിംഗ് പോളിസിക്കു വിധേയം |
| **പോളിസി കാലയളവ്** | **കുറഞ്ഞത് : എൻഡോവ്മെന്റ് ഐച്ഛികം**<br>10 (ആർപി) / 5(എസ്പി) വർഷം<br>**ആജീവനാന്ത ഐച്ഛികമുള്ള എൻഡോവ്മെന്റ്**<br>15 വർഷം (ആർപി, എസ്പി-ക്ക്) | **പരമാവധി :** 30 വർഷം<br>(എൻഡോവ്മെന്റ് ടോ) |
| **പ്രീമിയം ആവൃത്തി** | സിങ്കിൾ പ്രീമിയം/വാർഷികം/അർദ്ധ വാർഷികം/ത്രൈമാസികം/പ്രതിമാസം# | |
| **പ്രീമിയം അടയ്ക്കേണ്ട കാലയളവ്** | സിങ്കിൾ പ്രീമിയം/റെഗുലർ പ്രീമിയം (പോളിസി കാലയളവ് പോലെത്തന്നെ) | |
| **പ്രീമിയം ആവൃത്തി ലോഡിങ്ങ്** | അർദ്ധ-വാർഷികം : വാർഷിക പ്രീമിയത്തിന്റെ 51.00%<br>ത്രൈമാസികം : വാർഷിക പ്രീമിയത്തിന്റെ 26.00%<br>പ്രതിമാസം : വാർഷിക പ്രീമിയത്തിന്റെ 8.50% | |
| **പ്രീമിയം** | **കുറഞ്ഞത് :** | **പരമാവധി:** |
| | സിങ്കിൾ പ്രീമിയം : ₹ 43,000<br>വാർഷികം : ₹ 6,000<br>അർദ്ധ-വാർഷികം : ₹ 3,000<br>ത്രൈമാസികം : ₹ 1,500<br>പ്രതിമാസം : ₹ 500 | പരിധിയില്ല,<br>ബോർഡ് അംഗീകരിച്ചിട്ടുള്ള<br>അണ്ടർറൈറ്റിംഗ് പോളിസിക്കു വിധേയം |

**എല്ലാ പ്രായം നിർണ്ണയിക്കലും കഴിഞ്ഞ ജന്മദിനത്തിലെ വയസ്സ് അടിസ്ഥാനമാക്കിയാണ്.

#പ്രതിമാസ രീതിയിൽ, 3 മാസം വരെ പ്രീമിയം മുൻകൂർ അടയ്ക്കണം. പുതുക്കൽ പ്രീമിയം അടവ് ഇലക്ട്രോണിക് ക്ലിയറിങ്ങ് സിസ്റ്റം (ഇസിഎസ്) അല്ലെങ്കിൽ സ്റ്റാൻഡിങ്ങ് ഇൻസ്ട്രക്ഷൻസ് വഴി മാത്രം (ഇതിൽ പേമെന്റ് ഒന്നുകിൽ ബാങ്ക് അക്കൗണ്ടിൽനിന്ന് നേരിട്ട് ഡെബിറ്റ് ചെയ്യും അല്ലെങ്കിൽ ക്രെഡിറ്റ് കാർഡ് വഴി).
മന്ത്‌ലി സാലറി സേവിംഗ്സ് സ്കീം (എസ്എസ്എസ്) ആണെങ്കിൽ, 2 മാസം വരെ പ്രീമിയം മുൻകൂറായി അടയ്ക്കണം, പ്രീമിയം പുതുക്കൽ അടവ് ശമ്പളത്തിൽനിന്ന് കിഴിച്ചുകൊണ്ടു മാത്രം അനുവദിക്കും.

## റിബേറ്റ് നിരോധനം

**ഇൻഷ്വറൻസ് ആക്ട് 1938ന്റെ ചട്ടം 41 അതാതു സമയത്ത് ഭേദഗതി ചെയ്ത വിധം പ്രസ്താവിക്കുന്നത് :**

a) ഇന്ത്യയിലെ ഏതെങ്കിലും വ്യക്തികളേയോ, ആസ്തിയോ സംബന്ധിച്ചുള്ള ഏതെങ്കിലും ഇനം റിസ്കിന്റെ കാര്യത്തിൽ ഒരു ഇൻഷൂറൻസ് എടുക്കുവാനോ പുതുക്കുവാനോ തുടരുവാനോ ഏതെങ്കിലും വ്യക്തിയെ പ്രേരിപ്പിച്ചുകൊണ്ട് നേരിട്ടോ അഥവാ അല്ലാതെയോ നൽകേണ്ട കമ്മീഷന്റെ മൊത്തമോ ഭാഗികമോ ആയ ഏതെങ്കിലും റിബേറ്റ് അഥവാ പോളിസിയിൽ കാണിച്ച പ്രീമിയത്തിന്റെ ഏതെങ്കിലും റിബേറ്റ്, അതുപോലെ ഒരു പോളിസി എടുപ്പിക്കുന്നതോ പുതുക്കുന്നതോ തുടരുന്നതോ ആയ ഏതെങ്കിലും വ്യക്തി ഇൻഷൂററുടെ പ്രസിദ്ധീകരിച്ചിട്ടുള്ള പ്രോസ്പെക്ടസുകൾ അഥവാ പട്ടികകൾക്ക് അനുസൃതമായി അനുവദിച്ചേക്കാവുന്ന റിബേറ്റുകൾ ഒഴിച്ചാൽ ഒരു വ്യക്തിയേയും അനുവദിക്കുന്നതല്ല അഥവാ അനുവാദം നൽകുന്നതല്ല.

b) ഈ വകുപ്പിന്റെ ചട്ടങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഏത് വ്യക്തിയും രൂപ പത്തുലക്ഷം വരെ വർധിപ്പിച്ചേക്കാവുന്ന പിഴയടക്കുവാൻ ബാദ്ധ്യസ്ഥനാകും.

**Toll-free No.:** 1800 267 9090 | SMS **'LIBERATE'** to 56161 | **Email:** info@sbilife.co.in | **Web:** www.sbilife.co.in
(Between 9.00 am & 9.00 pm)

എസ്ബിഐ ലൈഫ് - ശുഭ് നിവേശ് ഒരു ഇൻഡിവിഡ്വൽ, നോൺ-ലിങ്ക്ഡ്, പാർട്ടിസിപ്പേറ്റിംഗ്, ലൈഫ് ഇൻഷൂറൻസ് സേവിംഗ്സ് പ്രൊഡക്റ്റ് ആണ്.

**വ്യാജ ഫോൺ കോളുകളെയും കപടമായ/വഞ്ചനാപരമായ ഓഫറുകളെയും സൂക്ഷിക്കുക.**
IRDAI ഏതെങ്കിലും തരത്തിലുള്ള ഇൻഷുറൻസ് പോളിസികൾ വിൽക്കുകയോ ബോണസ് പ്രഖ്യാപിക്കുകയോ അല്ലെങ്കിൽ പ്രീമിയ നിക്ഷേപങ്ങൾ നടത്തുകയോ ചെയ്യുന്നില്ല. ഇത്തരത്തിലുള്ള ഫോൺ കോളുകൾ ലഭിക്കുന്ന പൊതു ജനങ്ങൾ പൊലീസിൽ പരാതി സമർപ്പിക്കേണ്ടതാണ്.

നഷ്ടസാധ്യതകൾ, നിബന്ധനകളും വ്യവസ്ഥകളും എന്നിവയുടെ വിശദവിവരങ്ങൾക്ക്, ഒരു വിൽപന നിശ്ചയിക്കുന്നതിനു മുൻപ് ദയവായി സെയിൽസ് ലഘുലേഖ ശ്രദ്ധിച്ചു വായിക്കുക. റൈഡറുകളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും നിബന്ധനകൾക്കും വ്യവസ്ഥകൾക്കും ഒഴിവാക്കപ്പെട്ടിട്ടുള്ള കാര്യങ്ങൾക്കും ദയവായി റൈഡർ ബ്രോഷർ വായിക്കുക. മുകളിൽ പ്രദർശിപ്പിച്ചിരിക്കുന്ന ട്രേഡ് ലോഗോ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അധീനതയിൽ ഉള്ളതും ലൈസൻസ് പ്രകാരം എസ്ബിഐ ലൈഫ് ഉപയോഗിച്ചിട്ടുള്ളതുമാണ്. എസ്ബിഐ ലൈഫ് ഇൻഷൂറൻസ് കമ്പനി ലി., റജിസ്റ്റേർഡ് ആന്റ് കോർപറേറ്റ് ഓഫീസ് : നടരാജ്, എം. വി. റോഡ് ആന്റ് വെസ്റ്റേൺ എക്സ്പ്രസ് ഹൈവേ ജങ്ഷൻ, അന്ധേരി (ഈസ്റ്റ്), മുംബൈ-400069. **IRDAI റെജി. നം.111** | CIN : L99999MH2000PLC129113.
35/ver2/07/22/SP/MAL